## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: **290** | 23-03-2015ൽ മറുപടിയ്ക്ക്

### സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" പാലോട് രവി<br>" കെ.ശിവദാസൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ കൃഷി വകപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>ഈ വർഷം സംസ്ഥാനത്ത് 625 എൽ.പി. സ്കൂളുകളിലും,1200 യു.പി സ്കൂളുകളിലും, 2000 ഹൈസ്കൂളുകളിലുമായി 3825 സ്കൂളുകളിൽ 1 $M^3$ വലുപ്പത്തിലുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇ-ടെന്റർ മുഖേന തെരഞ്ഞെടുത്ത RAIDCO,KAICO എന്നീ സ്ഥാപനങ്ങൾ, പ്ലാന്റുകൾ സ്കൂളുകളിൽ സ്ഥാപിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) കേരളത്തിലെ സ്കൂളുകളിലെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശേഖരിച്ച് പരിസരമലിനീകരണം കൂടാതെ സംസ്കരിക്കുക, സ്കൂളുകളിലെ ഉച്ചഭക്ഷണം ഉണ്ടാക്കുന്നതിനാവശ്യമായ ഇന്ധനം ഏറ്റവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗത്തിൽ ലഭ്യമാക്കുക, പച്ചക്കറി കൃഷിയിൽ നിന്നും ഉണ്ടാവുന്ന പാഴ്വസ്തുക്കൾ ബയോഗ്യാസും, ജൈവ വളവുമായി മാറ്റുന്നതിനുള്ള പ്രവർത്തി പരിചയം നല്കുക, വിദ്യാർത്ഥി സമൂഹത്തിന് വിഷവിമുക്തമായ പച്ചക്കറി ഉത്പന്നം ലഭ്യമാക്കുക, പരിസര സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് ഹൃദിസ്ഥമാക്കുക, വിദ്യാർത്ഥികളുടെ ഒഴിവുവേള ഫലപ്രദമായി ഉപയോഗിക്കുക എന്നിങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (സി) | വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ അതാത് ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരാണ് തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി കൃഷി ഡയറക്ടർക്ക് ലഭ്യമാക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ? | (ഡി) | 100% കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 15.3.2014 ലെ സ.ഉ.(സാധാ) നം.530/2014/കൃഷി പ്രകാരം 5.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ വഴി 5.1404175 കോടി രൂപ 13/11/2014 ലെ സ.ഉ. (MS)258/2014/AD പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ